**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **01-02-2023 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന വിവരം ആശുപത്രിയുടെ പേര്, വികസന പ്രവൃത്തി, വികസന പ്രവൃത്തിയുടെ പുരോഗതി എന്നിവ സഹിതം വിശദമാക്കാമോ? | (എ) | **കോങ്ങാട് നിയോജക മണ്ഡലം എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതി 2020-2021 പ്രകാരം കോങ്ങാട് നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രമായ തച്ചമ്പാറ, കുടുംബാരോഗ്യ കേന്ദ്രങ്ങളായ മണ്ണൂർ, കാഞ്ഞിരപ്പുഴ, മങ്കര, കേരളശ്ശേരി, കല്ലടിക്കോട്, കാരക്കുറിശ്ശി, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളായ കോങ്ങാട്, പറളി എന്നീ ആശുപത്രികളിലേക്ക് കോവിഡ് 19 പ്രതിരോധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 12,45,603/- രൂപയുടെ ഭരണാനുമതി നൽകുകയും, 7,74,984/- രൂപയുടെ പ്രതിരോധ ഉപകരണങ്ങൾ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.**<br><br>**ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്ന പദ്ധതിയിൽ പാലക്കാട് കോങ്ങാട് നിയോജകമണ്ഡലത്തിൽ നിന്നും കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തിരഞ്ഞെ ടുത്തിരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ